## പതിനഞ്ചാം കേരള നിയമസഭ

## (FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XI

## (SUBJECT COMMITTEE XI)

## ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

## (FOOD, CIVIL SUPPLIES AND CO-OPERATION)

**2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്**

**(Under Rule 236 (5) of the Rules of Procedure and Conduct of Business in the Kerala Legislative Assembly)**

2023 സെപ്റ്റംബർ 13-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XI

# (SUBJECT COMMITTEE XI)

## ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

## (FOOD, CIVIL SUPPLIES AND CO-OPERATION)

**2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

957/2023.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി XI

## (ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും)

## (2021-2023)

**ഘടന**

**ചെയർമാൻ :**

**ശ്രീ. വി. എൻ. വാസവൻ,**
**സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി.**

**എക്സ്-ഒഫീഷ്യോ അംഗം:**

**ശ്രീ. ജി. ആർ. അനിൽ,**
**ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി.**

**അംഗങ്ങൾ :**

**ശ്രീ. അബ്ദുൽ ഹമീദ്. പി.**

**ശ്രീ. ആന്റണി ജോൺ**

**ശ്രീ. പി. വി. അൻവർ**

**ഡോ. മാത്യു കുഴൽനാടൻ**

**ശ്രീ. സജീവ് ജോസഫ്**

**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**

**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**

**ശ്രീ. ജി. സ്റ്റീഫൻ**

**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ.**

**നിയമസഭാ സെക്രട്ടേറിയറ്റ് :**

**ശ്രീ. എ.എം ബഷീർ, സെക്രട്ടറി**

**ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി**

**ശ്രീ. വിജയ് അമൃതരാജ് എ. , ഡെപ്യൂട്ടി സെക്രട്ടറി**

**ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി.**

# അവതാരിക

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം സമർപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI- ന്റെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് 2022 ജൂൺ 27-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ഇരുപത് ശിപാർശകളിന്മേലും സർക്കാർ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ഈ റിപ്പോർട്ട് 2023 സെപ്റ്റംബർ 11-ന് ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2023 സെപ്റ്റംബർ 13.

വി. എൻ. വാസവൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XI.*

# റിപ്പോർട്ട്

2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും.

## ധനാഭ്യർഥന നമ്പർ XXVII—സഹകരണം

### ഖണ്ഡിക - 1

2425-00-003-89-31—സംസ്ഥാന സഹകരണ യൂണിയൻ, സർക്കിൾ സഹകരണ യൂണിയൻ, സംസ്ഥാന സഹകരണ മാനേജ്മെന്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുള്ള സഹായം

സംസ്ഥാന സഹകരണ യൂണിയന്റെ കീഴിലുള്ള ജെ.ഡി.സി., എച്ച്.ഡി.സി പരിശീലന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സമർപ്പിച്ച 25 കോടി രൂപയുടെ പ്രൊപ്പോസലുകളിൽ നിന്നും നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള 15 കോടി രൂപ 5 വർഷങ്ങളിലായി അനുവദിക്കുന്നതിലേയ്ക്കായി 2022-2023 വർഷത്തെ ബഡ്ജറ്റിൽ 3 കോടി രൂപ വകയിരുത്തുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ഈ ശീർഷകത്തിൽ ആകെ 2 കോടി രൂപ മാത്രമാണ് ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ളത്. ടി പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ കൂടി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ അനുവദിച്ചിരുന്ന 200 ലക്ഷം രൂപയിൽ 100 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. ബാക്കി തുകയായ 100 ലക്ഷം രൂപയിൽ 50 ലക്ഷം രൂപയ്ക്ക് അനുമതി നൽകിയിരുന്നുവെങ്കിലും അലോട്ട്മെന്റ് ലഭ്യമായിരുന്നില്ല. ടി ശീർഷകത്തിൽ തുക ചെലവഴിക്കുന്നതിനുള്ള പരിധി 62% ആയി നിശ്ചയിച്ചിരുന്നതിനാൽ ടി ശീർഷകത്തിലുള്ള പദ്ധതി തുക പൂർണമായി വിനിയോഗിക്കാൻ സാധിക്കാത്തതും അധികതുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമാണ്.

(സഹകരണ (ബി) വകുപ്പിന്റെ 22.07.2023-ലെ സഹ-ബി3/309/2022/സഹ നമ്പർ കത്ത്.)

957/2023.

## ഖണ്ഡിക - 2

2425-00-003-86-36—കാർഷിക സഹകരണ സ്റ്റാഫ് പരിശീലന സ്ഥാപനത്തിനുള്ള ധനസഹായം - സഹായധനം - ശമ്പളേതരം

അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ഇൻസ്റ്റിറ്റ്യൂട്ടിനെ ഒരു പഠന ഗവേഷണ കേന്ദ്രമായി ഉയർത്തൽ, പുതിയ ലൈബ്രറി ബ്ലോക്കിന്റെ നിർമ്മാണം, ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം, പുതിയ കോഴ്സുകൾ ആരംഭിക്കുക, ജീവനക്കാർക്കുള്ള ഓൺലൈൻ ട്രെയിനിംഗ് നടപ്പിലാക്കുക, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നീ ആവശ്യങ്ങൾക്കായി അടുത്ത 5 വർഷത്തേയ്ക്ക് 15 കോടി രൂപ അനുവദിക്കുന്ന പ്രോജക്റ്റ് സമർപ്പിച്ചിരുന്നു. ആയതിൽ നിന്ന് 2022-2023 വർഷത്തെ ബഡ്ജറ്റിൽ 3 കോടി രൂപ അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും 50 ലക്ഷം രൂപ മാത്രമാണ് ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ മേൽ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുള്ള 50 ലക്ഷം രൂപയ്ക്ക് പുറമെ ഈ ശീർഷകത്തിൽ 2.5 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ള 50 ലക്ഷം രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

(സഹകരണ (ബി) വകുപ്പിന്റെ 22.07.2023-ലെ സഹ-ബി3/309/2022/സഹ നമ്പർ കത്ത്.)

## ഖണ്ഡിക - 3

2425-00-108-67—മറ്റു സഹകരണ സംഘങ്ങൾക്കുള്ള സഹായം

പുതിയതായി രൂപീകരിച്ച 30 യുവ സഹകരണ സംഘങ്ങൾക്ക് സ്റ്റാർട്ടപ്പുകൾ, നൂതന സംരംഭങ്ങൾ എന്നിവ ആരംഭിക്കുന്നതിനായി സബ്സിഡി ഇനത്തിൽ ഒരു സംഘത്തിന് 10 ലക്ഷം രൂപ വീതം ആകെ 3 കോടി രൂപ അനുവദിക്കേണ്ടതുണ്ട്. കൂടാതെ നൂറ് ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി ഒരു ജില്ലയിൽ ഒന്ന് വീതം പുതിയതായി ആരംഭിക്കുന്ന 14 പട്ടികജാതി/പട്ടികവർഗ്ഗ/യുവസഹകരണ സംഘങ്ങൾക്ക് സ്റ്റാർട്ടപ്പുകൾ, നൂതന സംരംഭങ്ങൾ എന്നിവ ആരംഭിക്കുന്നതിനായി സബ്സിഡി ഇനത്തിൽ ഒരു സംഘത്തിന് 10 ലക്ഷം രൂപ വീതം ആകെ 1.40 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 4.40 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ടി ഇനത്തിൽ 278.33 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പുതുതായി രൂപീകരിച്ച 30 യുവ സഹകരണ സംഘങ്ങളിൽ 24 സഹകരണ സംഘങ്ങൾക്ക് സബ്സിഡി ഇനത്തിൽ ഒരു സംഘത്തിന് 5 ലക്ഷം രൂപ വീതം ആകെ 120 ലക്ഷം രൂപ അനുവദിച്ച നൽകിയിട്ടുണ്ട്.

റിലീസ് ഉത്തരവ് ലഭിച്ച 60 ലക്ഷം രൂപയ്ക്ക് ശീർഷകത്തിലെ പരിധി നിശ്ചയിച്ചിരുന്നതിനാൽ ബിൽ പ്രോസസ് ചെയ്ത തുക ലഭ്യമാക്കാൻ സാധിച്ചിരുന്നില്ല.

നൂറ് ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി ഒരു ജില്ലയിൽ ഒന്ന വീതം പുതുതായി രൂപീകരിച്ച 14 പട്ടികജാതി/പട്ടികവർഗ്ഗ സഹകരണസംഘങ്ങളിൽ തെരഞ്ഞെടുപ്പിലൂടെ ഭരണസമിതി രൂപീകരിച്ചിട്ടില്ലാത്തതിനാൽ ടി സംഘങ്ങൾക്ക് ധനസഹായം അനുവദിക്കാൻ കഴിഞ്ഞിരുന്നില്ല. ടി ശീർഷകത്തിലുള്ള പദ്ധതി തുക പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കാതിരുന്നതിനാൽ അധിക തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

(സഹകരണ (ബി) വകുപ്പിന്റെ 22.07.2023-ലെ സഹ-ബി3/309/2022/സഹ നമ്പർ കത്ത്.)

**ഖണ്ഡിക-4**

2425-00-108-47-35—<u>കോ-ഓപ്പറേറ്റീവ് അക്കാഡമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE)-ന് ധനസഹായം</u>

കോ-ഓപ്പറേറ്റീവ് അക്കാഡമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന Kerala Institute of Making the Best (KIMB)-നെ Skill and Knowledge Development Centre ആക്കി ഉയർത്തുന്നതിനായി ഈ ശീർഷകത്തിൽ ഒരു കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ടി ശീർഷകത്തിൽ വകയിരുത്തിയിരുന്ന 455 ലക്ഷം രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. ടി ശീർഷകത്തിൽ പരിധി നിശ്ചയിച്ചിരുന്നതിനാൽ മൂന്ന് ഗഡുക്കളായാണ് ധനസഹായം അനുവദിച്ച നൽകിയിരുന്നത്. അവസാന ഗഡുവായ 155 ലക്ഷം രൂപയുടെ അലോട്ട്മെന്റ് സാമ്പത്തിക വർഷാവസാനമാണ് ലഭിച്ചത്. ആയതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥനവഴിയോ അധിക തുക അനുവദിക്കാൻ സാധിച്ചിരുന്നില്ല.

(സഹകരണ (ബി) വകുപ്പിന്റെ 22.07.2023-ലെ സഹ-ബി3/309/2022/സഹ നമ്പർ കത്ത്.)

## ഖണ്ഡിക -5

4425-00-108-68—മറ്റു സഹകരണ സംഘങ്ങൾക്കുള്ള സഹായം

പുതിയതായി രൂപീകരിച്ച 30 യുവ സഹകരണ സംഘങ്ങൾക്ക് സ്റ്റാർട്ടപ്പുകൾ, നൂതന സംരംഭങ്ങൾ എന്നിവ ആരംഭിക്കുന്നതിനായി ഓഹരി ഇനത്തിൽ ഒരു സംഘത്തിന് 5 ലക്ഷം രൂപ വീതം ആകെ 1.50 കോടി രൂപ അനുവദിക്കേണ്ടതുണ്ട്. കൂടാതെ നൂറ് ദിന കർമപരിപാടിയിൽ ഉൾപ്പെടുത്തി ഒരു ജില്ലയിൽ ഒന്ന് വീതം പുതിയതായി ആരംഭിക്കുന്ന 14 പട്ടികജാതി/പട്ടികവർഗ്ഗ/യുവസഹകരണ സംഘങ്ങൾക്ക് സ്റ്റാർട്ടപ്പുകൾ, നൂതന സംരംഭങ്ങൾ എന്നിവ ആരംഭിക്കുന്നതിനായി ഓഹരി ഇനത്തിൽ ഒരു സംഘത്തിന് 5 ലക്ഷം രൂപ വീതം ആകെ 70 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 2.20 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

മറ്റ് സഹകരണസംഘങ്ങൾക്കുള്ള ധനസഹായമായി 2022-23 സാമ്പത്തികവർഷം ഓഹരി ഇനത്തിൽ 220 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതം അനുവദിച്ചിരുന്നതിൽ 179.27 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പുതിയതായി രൂപീകരിച്ച 30 യുവ സഹകരണസംഘങ്ങളിൽ 24 സഹകരണസംഘങ്ങൾക്ക് ഓഹരി ഇനത്തിൽ ഒരു സംഘത്തിന് 5 ലക്ഷം രൂപ വീതം ആകെ 120 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

റിലീസ് ഉത്തരവ് ലഭിച്ച 40 ലക്ഷം രൂപയ്ക്ക് ശീർഷകത്തിലെ പരിധി നിശ്ചയിച്ചിരുന്നതിനാൽ ബിൽ പ്രോസസ് ചെയ്ത് തുക ലഭ്യമാക്കാൻ സാധിച്ചിരുന്നില്ല.

നൂറ് ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി ഒരു ജില്ലയിൽ ഒന്നു വീതം പുതിയതായി രൂപീകരിച്ച 14 പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിൽ തെരഞ്ഞെടുപ്പിലൂടെ ഭരണസമിതി രൂപീകരിച്ചിട്ടില്ലാത്തതിനാൽ ടി സംഘങ്ങൾക്ക് ധനസഹായം അനുവദിക്കാൻ കഴിഞ്ഞിരുന്നില്ല. ടി ശീർഷകത്തിലുള്ള പദ്ധതി തുക പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കാതിരുന്നതിനാൽ അധിക തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

(സഹകരണ (ബി) വകുപ്പിന്റെ 22.07.2023-ലെ സഹ-ബി3/309/2022/സഹ നമ്പർ കത്ത്.)

പുതിയ ശീർഷകം അനുവദിച്ച് തുക വകയിരുത്തുന്നതിനുള്ള ശിപാർശകൾ

**ഖണ്ഡിക -6**

ആശുപത്രി സഹകരണസംഘങ്ങൾക്കുള്ള ധനസഹായം

വകുപ്പിന്റെ കീഴിലുള്ള ആശുപത്രി സഹകരണ സംഘങ്ങളുടെ സമഗ്രമായ നവീകരണത്തിനും ആധുനിക ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ആശുപത്രി സഹകരണ സംഘങ്ങളെ പ്രാപ്തരാക്കുന്നതിലേയ്ക്കുമായി 10 കോടി രൂപ (സബ്സിഡി - 4 കോടി രൂപ, ഓഹരി - 6 കോടി രൂപ) അനുവദിക്കുന്നതിനായുള്ള പുതിയ പദ്ധതി പ്ലാനിംഗ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നുവെങ്കിലും പദ്ധതി അംഗീകരിച്ചില്ല. കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ആശുപത്രി സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനായി 2022-2023 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി അംഗീകരിക്കണമെന്നും പുതിയ ശീർഷകം അനുവദിച്ച് 10 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടി പദ്ധതി 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിരുന്നുവെങ്കിലും സംസ്ഥാന ആസൂത്രണ ബോർഡിന്റെ അംഗീകാരം ലഭ്യമായിട്ടില്ലാത്തതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ അധിക തുക അനുവദിച്ചിരുന്നില്ല.

(സഹകരണ (ബി) വകുപ്പിന്റെ 22.07.2023-ലെ സഹ-ബി3/309/2022/സഹ നമ്പർ കത്ത്.)

**ഖണ്ഡിക -7**

നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ നവീകരണം

നഷ്ടത്തിൽ പ്രവർത്തിക്കുന്ന എല്ലാത്തരം സഹകരണ സംഘങ്ങളെയും നവീകരിക്കുന്നതിനു വേണ്ടിയുള്ള ധനസഹായം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്റ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി ഒരു സംഘത്തിന് 50 ലക്ഷം രൂപ വീതം ആകെ 7 കോടി രൂപ (സബ്സിഡി - 4.20 കോടി രൂപ, ഓഹരി - 2.80 കോടി രൂപ ) അനുവദിക്കുന്നതിനു വേണ്ടിയുള്ള പുതിയ പദ്ധതി പ്ലാനിംഗ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നുവെങ്കിലും പദ്ധതി അംഗീകരിച്ചില്ല. നഷ്ടത്തിൽ പ്രവർത്തിക്കുന്ന എല്ലാത്തരം സഹകരണ സംഘങ്ങളെയും പുനരുദ്ധരിക്കുന്നതിനായി 2022-2023 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി അംഗീകരിക്കണമെന്നും പുതിയ ശീർഷകം അനുവദിച്ച് 7 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ടി പദ്ധതി 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിരുന്നുവെങ്കിലും സംസ്ഥാന ആസൂത്രണ ബോർഡിന്റെ അംഗീകാരം ലഭ്യമായിട്ടില്ലാത്തതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ അധിക തുക അനുവദിച്ചിരുന്നില്ല.

(സഹകരണ (ബി) വകുപ്പിന്റെ 22.07.2023-ലെ സഹ-ബി3/309/2022/സഹ നമ്പർ കത്ത്.)

**ഖണ്ഡിക -8**

<u>വിദ്യാഭ്യാസ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം</u>

വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സഹകരണ സംഘങ്ങളെ ആധുനികവൽകരിക്കുന്നതിനും നടപ്പിലാക്കി വരുന്ന വിവിധ കോഴ്സുകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുമായി 2 കോടി രൂപ (സബ്സിഡി – 80 ലക്ഷം രൂപ, ഓഹരി – 1.20 കോടി രൂപ) അനുവദിക്കുന്നതിനായുള്ള പുതിയ പദ്ധതി പ്ലാനിംഗ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നുവെങ്കിലും പദ്ധതി അംഗീകരിച്ചില്ല. 2022-2023 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി അംഗീകരിക്കണമെന്നും പുതിയ ശീർഷകം അനുവദിച്ച് 2 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ടി പദ്ധതി 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിരുന്നുവെങ്കിലും സംസ്ഥാന ആസൂത്രണ ബോർഡിന്റെ അംഗീകാരം ലഭ്യമായിട്ടില്ലാത്തതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ അധിക തുക അനുവദിച്ചിരുന്നില്ല.

(സഹകരണ (ബി) വകുപ്പിന്റെ 22.07.2023-ലെ സഹ-ബി3/309/2022/സഹ നമ്പർ കത്ത്.)

**ഖണ്ഡിക -9**

<u>ഭിന്നശേഷി വിഭാഗത്തിൽപെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പാ പദ്ധതിയുടെ പലിശ സബ്സിഡി</u>

നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി കേരള സംസ്ഥാന സഹകരണ ബാങ്ക്/ അർബൻ സഹകരണ ബാങ്കുകൾ/പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പ

വിതരണം ചെയ്യുന്നതിനായി "സഹകരണം സൗഹൃദം" എന്ന പേരിൽ ഒരു വായ്പാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ പരമാവധി 9% പലിശ നിരക്കിൽ വിതരണം ചെയ്യുന്ന വായ്പയുടെ 4% പലിശ സബ്സിഡി നൽകുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 3 കോടി രൂപ 2022-23 സാമ്പത്തിക വർഷത്തിൽ പദ്ധതിയേതര വിഹിതമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പ വിതരണം ചെയ്യുന്നതിനായി " സഹകരണം സൗഹൃദം" എന്ന പേരിൽ ആരംഭിച്ച വായ്പാ പദ്ധതിയുടെ പലിശ സബ്സിഡി അനുവദിക്കുന്നതിനായി പദ്ധതിയേതര ഇനത്തിൽ പുതിയ ശീർഷകമോ തുകയോ അനുവദിച്ചിരുന്നില്ല. ആയതിനാൽ 2022-23 സാമ്പത്തിക വർഷം ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധിക തുക അനുവദിച്ചിരുന്നില്ല.

(സഹകരണ (ബി) വകുപ്പിന്റെ 22.07.2023-ലെ സഹ-ബി3/309/2022/സഹ നമ്പർ കത്ത്.)

## ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ

### ഖണ്ഡിക - 10

3475-00-106-99-06—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ-വാടക, കരം, നികുതി

പുതുതായി രൂപീകരിച്ച 14 താലൂക്കുകളിലെ ഇൻസ്പെക്ടറാഫീസുകൾ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത കെട്ടിടങ്ങളുടെ വാടക നൽകുന്നതിനും മറ്റ് ചെലവുകൾക്കുമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം 3475-00-106-99-06 RRT (NP) ശീർഷകത്തിൽ G.O(Rt) No. 1829/2023/Fin dated 13.03.23 പ്രകാരം 83,30,000 രൂപ അഡീഷണൽ ഓതറൈസേഷനിലൂടെ ലഭ്യമാക്കുകയും അത് പ്രസ്തുത ആവശ്യത്തിലേക്കായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(ഉപഭോക്തൃകാര്യവകുപ്പിന്റെ 04.09.2023-ലെ CA2/231/2022-CAD നമ്പർ കത്ത്)

**ഖണ്ഡിക - 11**

3475-00-106-99-21-02—<u>അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം-മെട്രിക് സമ്പ്രദായം നടപ്പാക്കൽ-മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പരിശോധനകളും മറ്റും തുടർച്ചയായി നടത്തേണ്ടി വരുന്നതിനാൽ സ്ഥിരമായി വാഹനങ്ങൾ ഉപയോഗിക്കേണ്ടി വരുന്നു. വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ ചെയ്ത പ്രകാരം 3475-00-106-99-21-02 Repair and maintenance (NP) ശീർഷകത്തിൽ G.O(Rt) No. 1829/2023/Fin dated 13.03.23 പ്രകാരം 11,08,000 രൂപ അഡീഷണൽ ഓതറൈസേഷനിലൂടെ ലഭ്യമാകുകയും ടി തുക പ്രസ്തുത ആവശ്യത്തിലേക്കായി ചെലവഴിക്കുകയും ചെയ്തു.

(ഉപഭോക്തൃകാര്യവകുപ്പിന്റെ 04.09.2023 ലെ CA2/231/2022-CAD നമ്പർ കത്ത്)

**ഖണ്ഡിക - 12**

3475-00-106-99-45—<u>അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം-മെട്രിക് സമ്പ്രദായം നടപ്പാക്കൽ-പി.ഒ.എൽ.</u>

വകുപ്പിലെ വാഹനങ്ങളുടെ ഇന്ധന ആവശ്യങ്ങൾക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ ചെയ്ത പ്രകാരം 3475-00-106-99-45 POL (NP) ശീർഷകത്തിൽ ആകെ പെൻഡിംഗ് തുകകൾ കൊടുത്തു തീർപ്പാക്കുന്നതിലേക്കായി G.O(Rt) No. 473/2023/Fin dated 21.01.23 പ്രകാരം 45,00,000 രൂപ അഡീഷണൽ ഓതറൈസേഷനിലൂടെ ലഭ്യമാകുകയും തുക ടി ആവശ്യത്തിലേക്കായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(ഉപഭോക്തൃകാര്യവകുപ്പിന്റെ 04.09.2023-ലെ CA2/231/2022-CAD നമ്പർ കത്ത്)

**ഖണ്ഡിക - 13**

5475-00-800-79—ലീഗൽ മെട്രോളജി ഓഫീസിന്റെ ആധുനികവൽക്കരണം

കാസർഗോഡ് ജില്ലയിൽ ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന ഓഫീസ് കെട്ടിടം, ലബോറട്ടറി കെട്ടിടം എന്നിവയുടെ നിർമ്മാണത്തിനും കാക്കനാട് ലീഗൽ മെട്രോളജി ഭവനിൽ ANERT മുഖേന സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിലേയ്ക്കുമായി ഈ ശീർഷകത്തിൽ 1.71 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 5475-00-800-79 Modernization works to the Legal Metrology Department (P) ശീർഷകത്തിൽ അധിക തുക വകയിരുത്തുന്നതിലേയ്ക്കായി കൺട്രോളർ സമർപ്പിച്ച പ്രൊപ്പോസൽ നിലവിൽ ആവശ്യപ്പെട്ട ശീർഷകങ്ങളിൽ ബജറ്റ് വിഹിതം ഇനിയും അവശേഷിച്ചിരുന്നതിനാലും, ഒരു ശീർഷകത്തിൽ അപ്പോൾ തുക ചെലവഴിച്ചിട്ടില്ലാത്തതിനാലും, അധിക ധനാനുമതി പ്രകാരമുള്ള തുക അനുവദിക്കുവാൻ സാധിച്ചില്ല.

(ഉപഭോക്തൃകാര്യവകുപ്പിന്റെ 04.09.2023-ലെ CA2/231/2022-CAD നമ്പർ കത്ത്)

ധനാഭ്യർത്ഥന നമ്പർ XXX - ഭക്ഷ്യം

**ഖണ്ഡിക - 14**

2408-01-101-96-33—കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനും മറ്റ് ഏജൻസികളും വഴി നെല്ല് സംഭരിക്കൽ - സബ്സിഡികൾ

കേരളത്തിലെ നെൽകർഷകർ ഉത്പാദിപ്പിക്കുന്ന നെല്ല് നിശ്ചിത ഗുണമേന്മാ മാനദണ്ഡങ്ങൾക്കനുസൃതമായി കർഷകരിൽ നിന്ന് ഏറ്റെടുത്ത്, കേരളത്തിലെ ആധുനിക അരിമില്ലുകളിൽ സംസ്കരിച്ച് പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം സംസ്ഥാനത്തെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ല് കർഷകരിൽ നിന്ന് നേരിട്ട് ഏറ്റെടുത്ത്, ആയതിന് PRS Loan മുഖേന കർഷകരുടെ ബാങ്ക് അക്കൗണ്ടിലൂടെ നെല്ലിന്റെ സംഭരണ വില നൽകുകയും കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ല് നവീന സംസ്കരണ ശാലകളിൽ ഇരുപ്പുഴുക്കൻ രീതിയിൽ കുത്തി അരിയാക്കി റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിന് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന് നൽകി വരികയും ചെയ്യുന്നു. പ്രസ്തുത പദ്ധതിയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 608.01 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

നെല്ല് സംഭരണത്തിന് കർഷകർക്കുള്ള സംസ്ഥാന പ്രോത്സാഹന ബോണസും പലിശയും ഇനത്തിൽ 2018 സെപ്റ്റംബർ, 2021 ഡിസംബർ, 2022 ജനുവരി എന്നീ മാസങ്ങളിൽ അനുവദിക്കാൻ ശേഷിച്ചിരുന്ന കുടിശിക തുകയും 2022 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ തുകയും ചേർത്ത് 144.8271 കോടി രൂപയും 2022 ഏപ്രിൽ മാസത്തെ തുകയായ 129.5357 കോടി രൂപയും ചേർത്ത് ആകെ 274.3628 കോടി രൂപ നടപ്പ് സാമ്പത്തിക വർഷം സപ്ലൈകോയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. 2022 മെയ്, ജൂൺ, ജൂലൈ മാസങ്ങളിലെ സംസ്ഥാന പ്രോത്സാഹന ബോണസും പലിശയും ഇനത്തിൽ സപ്ലൈകോ സമർപ്പിച്ചിരുന്ന 240.1648 കോടി രൂപയുടെ ക്ലെയിം പരിശോധനയിലാണ്. നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം 577.50 കോടി രൂപ ആകയാൽ സബ്ജക്ട് കമ്മിറ്റി ശുപാർശാനുസരണം പദ്ധതി ശീർഷകത്തിൽ അധിക ധനസഹായമായി തുക വകയിരുത്തി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടി വന്നില്ല.

(ഭക്ഷ്യപൊതുവിതരണ(സി) വകുപ്പിന്റെ 8-2-2023-ലെ 196/സി2/2022/ഭ.പൊ.വി.വ. നമ്പർ കത്ത്)

## ഖണ്ഡിക - 15

2408-01-101-94—റേഷൻ സബ്സിഡി

റേഷൻ അരി സംസ്ഥാന സർക്കാർ സബ്സിഡി നൽകി വിതരണം ചെയ്യുമ്പോഴുണ്ടാകുന്ന ചെലവ് വഹിക്കുന്നതിനും റേഷൻ ചില്ലറ വ്യാപാരികൾക്ക് കമ്മീഷൻ നൽകുന്നതിനും സപ്ലൈകോയുടെ വാതിൽപ്പടി വിതരണത്തിനുള്ള ഗതാഗത ചെലവിനത്തിലും സംഭരണശാലകളുടെ വാടകയിനത്തിലും റേഷൻ അരിയുടെയും ഗോതമ്പിന്റെയും ഗതാഗത/കൈകാര്യ ചെലവുകൾക്കുമായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 156.92 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷം ഡിസംബർ 2022 വരെയുള്ള കാലയളവിൽ പ്രധാൻ മന്ത്രി ഗരീബ് കല്യാൺ അന്ന യോജന (PMGKAY) സ്കീം പ്രകാരമുള്ള അധിക റേഷൻ വിതരണം കൂടി നടന്നിരുന്നതിനാൽ റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ നൽകുന്ന ശീർഷകത്തിൽ (2408-01-101-94-02-33) ബജറ്റ് വിഹിതമായി വകയിരുത്തിയിരുന്ന 216 കോടി രൂപയ്ക്ക് പുറമെ ഉപധനാഭ്യർത്ഥന മുഖേന 64 കോടി രൂപയും ധനപുനർവിനിയോഗം മുഖേന 60.65 കോടി രൂപയും (ആകെ 124.65 കോടി രൂപ) വകയിരുത്തിയിട്ടുണ്ട്.

2022-23-ൽ സപ്ലൈകോ സമർപ്പിച്ച ക്ലെയിമുകളുടെ അടിസ്ഥാനത്തിൽ സെപ്റ്റംബർ 2021 മുതൽ ഡിസംബർ 2021 വരെയുള്ള കാലയളവിലെ വാതിൽപ്പടി വിതരണത്തിനുള്ള ഗതാഗത കൈകാര്യ ചെലവിനത്തിൽ 84.87 കോടി രൂപയ്ക്ക് മാത്രമാണ് വിതരണാനുമതി നൽകിയിരുന്നതെന്നതിനാൽ 2408-01-101-94-3-33 ശീർഷകത്തിലും ജനുവരി 2023 മുതൽ മുൻഗണനാ വിഭാഗത്തിനുള്ള റേഷൻ സൗജന്യമാക്കിയതിനാൽ 2408-01-101-94-01-33 ശീർഷകത്തിലും അധിക തുക ആവശ്യമായി വന്നിട്ടില്ല.

(ഭക്ഷ്യപൊതുവിതരണ (ഡി) വകുപ്പിന്റെ 24.07.2023-ലെ 87/ഡി2/2023/ ഭ.പൊ.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക - 16**

2408-01-102-99-33—<u>കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലേക്ക് മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ് - സബ്സിഡികൾ</u>

പൊതു വിപണിയിലുണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കാനായി സർക്കാർ രൂപീകരിച്ചിട്ടുള്ള വിപണിയിടപെടൽ പദ്ധതി പ്രകാരം 14 ഇനം അവശ്യ സാധനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന സബ്സിഡി നിരക്കിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നു. സർക്കാരിന്റെ പ്രഖ്യാപിത നയം അനുസരിച്ച് നിലവിലെ ഭരണ കാലയളവിൽ അവശ്യ സാധനങ്ങളുടെ സബ്സിഡി വിലകളിൽ വർദ്ധനവ് അനുവദനീയമല്ല. അതേ സമയം അവയുടെ വാങ്ങൽ നിരക്കുകളിൽ ഓരോ വർഷവും ഗണ്യമായ വർദ്ധനവ് ഉണ്ടാകുന്നുണ്ട്. എന്നാൽ സബ്സിഡി വില വർദ്ധിപ്പിക്കാത്തതിനാൽ സബ്സിഡി വിതരണം മൂലമുള്ള നഷ്ടം കൂടി വരികയാണ്. നിലവിൽ സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ വിൽപ്പന നടത്തിയ വകയിൽ പ്രതിമാസം ശരാശരി 35 കോടി രൂപയുടെ നഷ്ടം സപ്ലൈകോയ്ക്ക് ഉണ്ടാകുന്നുണ്ട്. ആയതിനാൽ വിപണിയിടപെടൽ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 883.42 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷം വിപണി ഇടപെടൽ പദ്ധതിക്കായി ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയ 180 കോടി രൂപയും അധിക ധനാനുമതിയായി വകയിരുത്തിയ 220 കോടി രൂപയും ചേർത്ത് ആകെ 400 കോടി രൂപ 2022-ലെ ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡുടമകൾക്കും സൗജന്യ കിറ്റ് വിതരണം ചെയ്യുതിനായി 2408-01-102-99-33 കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലേക്ക് മാർക്കറ്റ് ഇന്റർവെൻഷൻ

പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ് എന്ന ശീർഷകത്തിൽ സപ്ലൈകോയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ വിപണി ഇടപെടൽ പദ്ധതിക്ക് വേണ്ടി മാത്രമായി ടി സാമ്പത്തിക വർഷം തുകയൊന്നും അനുവദിച്ചിരുന്നില്ല. 2022-23 സാമ്പത്തിക വർഷം 2408-01-102-99-33 കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലേക്ക് മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ് എന്ന ശീർഷകത്തിൽ 180 കോടി രൂപ അധിക ധനസഹായമായി അനുവദിക്കുന്ന വിഷയത്തിൽ കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുവാൻ ധനകാര്യവകുപ്പ് ആവശ്യപ്പെട്ടതിനെ തുടർന്ന് അത് ലഭ്യമാക്കുവാൻ സപ്ലൈകോയ്ക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്.

കൂടാതെ 2022-23 കാലയളവിലെ അന്തിമഘട്ട ഉപധനാഭ്യർഥനയിൽ 501.08 കോടി രൂപ അധികമായി വകയിരുത്തുന്നതിന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ ശിപാർശ സമർപ്പിക്കുകയും അന്തിമഘട്ട ഉപധനാഭ്യർഥനയിൽ ഉൾപ്പെടുത്തുന്നതിനായി ധനകാര്യ വകുപ്പിന് നൽകുകയും ചെയ്തിരുന്നു. എന്നാൽ തുക അനുവദിക്കുകയുണ്ടായില്ല.

(ഭക്ഷ്യപൊതുവിതരണ (സി) വകുപ്പിന്റെ 22.08.2023-ലെ 196/സി2/2022/ഭ.പൊ.വി.വ. നമ്പർ കത്ത്)

## ഖണ്ഡിക - 17

2408-01-800-98—<u>ഉപഭോക്തൃ ദിനാഘോഷം</u>

ലോക ഭക്ഷ്യ ദിനം, ലോക ഉപഭോക്തൃ ദിനം, ദേശീയ ഉപഭോക്തൃ ദിനം എന്നീ ദിനാഘോഷങ്ങളോടനുബന്ധിച്ച് സെമിനാറുകൾ, ചർച്ചകൾ, മുഖാമുഖം, ശില്പശാലകൾ എന്നിങ്ങനെയുള്ള ഉപഭോക്തൃ ബോധവത്ക്കരണ പരിപാടികളും സ്കൂൾ വിദ്യാർത്ഥികൾക്കായി വിവിധ മത്സരപരിപാടികളും സംഘടിപ്പിക്കുന്നതിനായി നിലവിൽ ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### <u>സ്വീകരിച്ച നടപടി</u>

ഒന്നാംഘട്ട ഉപധനാഭ്യർഥന ശിപാർശയിന്മേൽ 2408-01-800-98- ഉപഭോക്തൃ ദിനാഘോഷം-NP എന്ന പദ്ധതിയേതര ശീർഷകത്തിന് കീഴിൽ 2022-23 സാമ്പത്തിക വർഷം നിർവ്വഹിക്കേണ്ട പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾ പൂർണ്ണമായും '3456-00-104-99 കേരള ഉപഭോക്തൃക്ഷേമ നിധിയിൽ നിന്നുള്ള ഉപഭോക്തൃക്ഷേമ പരിപാടികൾക്കുള്ള ചെലവുകൾ-NP എന്ന ശീർഷകത്തിൽ നിന്നുമാണ് വഹിച്ചത്. ആയതിനാൽ വിഷയ നിർണ്ണയ സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ 2022-23 സാമ്പത്തിക വർഷാവസാനം വരെ 2408-01-800-98-NP എന്ന ശീർഷകത്തിൽ അധികതുക വകയിരുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടി വന്നില്ല.

(ഉപഭോക്തൃകാര്യ വകുപ്പിന്റെ 26.08.2023-ലെ സി.എ 3/64/2023/സി.എ.ഡി നമ്പർ കത്ത്)

## ഖണ്ഡിക 18

3456-00-001-89-34— ഫുഡ് അഡ്വൈസറി കമ്മിറ്റി - മറ്റ് ചെലവുകൾ

റേഷൻ സാധനങ്ങൾ പൊതുജനങ്ങൾക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനും പൊതുജനങ്ങൾ നൽകുന്ന പരാതികൾ തീർപ്പാക്കുന്നതിനുമായി ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013, സംസ്ഥാന ഭക്ഷ്യഭദ്രത ചട്ടം 2018 എന്നിവയുടെ അടിസ്ഥാനത്തിൽ രൂപീകരിച്ച സംസ്ഥാനതല വിജിലൻസ് സമിതി വർഷത്തിൽ 4 പ്രാവശ്യം യോഗം ചേരേണ്ടതിനാൽ യോഗത്തിന്റെ ചെലവുകൾക്കായി 3 ലക്ഷം രൂപ വീതം 12 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 11.50 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013, സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018 എന്നിവ പ്രകാരം രൂപീകരിച്ച സംസ്ഥാനതല വിജിലൻസ് സമിതിയുടെ 2022-23 വർഷത്തെ ആദ്യ യോഗം 27-4-2022-ന് തിരുവനന്തപുരം മാസ്കറ്റ് ഹോട്ടലിൽ വച്ച് സംഘടിപ്പിച്ചതിന് 1,33,137 രൂപ ചെലവ് വന്നതിനാൽ, ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്ന 50,000 രൂപയ്ക്കു പുറമെ ബാക്കിയുള്ള ബിൽ തുകയായ 84,000 രൂപ അധിക ധനാനുമതിയായി അനുവദിക്കുകയുണ്ടായി.

11-1-2023-ന് സംഘടിപ്പിച്ച സമിതിയുടെ രണ്ടാമത് യോഗത്തിന് 49,959 രൂപ ചെലവായതനുസരിച്ച്, 28-2-2023-ലെ സ.ഉ (സാധാ)നം. 1478/2023/ധന പ്രകാരം 50,000 രൂപ ധന പുനർവിനിയോഗം മുഖേന അനുവദിച്ചു.

ഇപ്രകാരം 2022-23 വർഷം സംഘടിപ്പിച്ച സംസ്ഥാനതല വിജിലൻസ് സമിതിയുടെ രണ്ട് യോഗങ്ങൾക്കുമായി ചെലവായ ആകെ തുകയിൽ, ബഡ്ജറ്റ് വിഹിതത്തിന് പുറമെ അധികമായി ആവശ്യം വന്ന 1,34,000 രൂപ അനുവദിച്ചിട്ടുണ്ട്. മാത്രമല്ല ടി സാമ്പത്തിക വർഷത്തിൽ 2 യോഗങ്ങൾ കൂടി സംഘടിപ്പിക്കുവാൻ കഴിയാതെ വന്നതിനാൽ ശീർഷകത്തിൽ അധികതുക വകയിരുത്തേണ്ടതായി വന്നില്ല.

(ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പിന്റെ 08.06.2023-ലെ ഭ.പൊ.വി.വ-ബി3/247/2022- ഭ.പൊ.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക 19**

3456-00-001-78- ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതിനുള്ള സഹായം (സംസ്ഥാന പദ്ധതി)

ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിനായി ഇ-പോസ് മെഷീനുകളുടെ സ്ഥാപനം, കമ്മീഷണറേറ്റ്, ജില്ലാ/താലൂക്ക് സപ്ലൈ ഓഫീസുകളുടെ നവീകരണവും കമ്പ്യൂട്ടർവൽക്കരണവും, ഭക്ഷ്യധാന്യ വിതരണവുമായി ബന്ധപ്പെട്ട എസ്.എം.എസ് കോസ്റ്റ്, ജി.പി.എസ് ട്രാക്കിംഗ് സൗകര്യം സ്ഥാപിക്കാൻ സപ്ലൈകോയ്ക്ക് നൽകുന്ന സഹായം, സോഷ്യൽ ഓഡിറ്റ്, വിവിധ മേഖലകളിൽ ഉള്ളവർക്ക് ബോധവത്ക്കരണം എന്നിവ ഉൾക്കൊള്ളുന്ന ഈ ശീർഷകത്തിൽ ബയോമെട്രിക് ഡിവൈസസ് ആൻഡ് ഇ-പോസ് മെഷീൻസ് എന്ന കമ്പോണന്റിൽ സിം ചാർജസ്, തെർമൽ പേപ്പർ എന്നീ ഇനങ്ങൾക്കായി 3.89 കോടി രൂപയും NFSA ഗോഡൗണുകൾക്കായുള്ള വെയിങ് മെഷീൻ, ജനറേറ്റർ, കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും എന്ന കമ്പോണന്റിൽ 2.12 കോടി രൂപയും ഉൾപ്പെടെ 6.01 കോടി രൂപ ആവശ്യമുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 6.01 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ബയോമെട്രിക് ഡിവൈസസ് ആന്റ് ഇ-പോസ് മെഷീൻസ് എന്ന കമ്പോണന്റിൽ സിം ചാർജസ്, തെർമൽ പേപ്പർ എന്നീ ഇനങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം 7.2782 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ അധികമായി 5.5682 കോടി രൂപയും NFSA ഗോഡൗണുകൾക്കായുള്ള വെയിങ് മെഷീൻ, ജനറേറ്റർ, കംപ്യൂട്ടറും അനുബന്ധ സാമഗ്രികളും , ജി.പി.എസ്, ഇ.ആർ.പി എന്നീ കമ്പോണന്റുകൾക്കായി 11.279 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ അധികമായി 9.779 കോടി രൂപയും ഒന്നാം വട്ട ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിനുള്ള ശുപാർശ സമർപ്പിച്ചെങ്കിലും തുക അനുവദിക്കുകയുണ്ടായില്ല.

ബയോമെട്രിക് ഡിവൈസസ് ആന്റ് ഇ-പോസ് മെഷീൻസ് എന്ന കമ്പോണന്റിൽ ബജറ്റ് വിഹിതമായി അനുവദിച്ച മുഴുവൻ തുകയും വിനിയോഗിച്ച കഴിഞ്ഞ മുറയ്ക്ക് സപ്ലൈകോയുടെ ബാക്കി നിൽക്കുന്ന ക്ലെയിം തുകകൾ വിതരണം ചെയ്യുന്നതിന് അധികമായി തുക ആവശ്യപ്പെട്ടതനുസരിച്ച് 3456-00-001-78-34-03 ഉപശീർഷകത്തിൽ പ്പെടുന്ന Establishing Adequate Storage space for all Fair Price Shop in the State എന്ന പദ്ധതി ഘടകത്തിൽ നിന്നും 2 കോടി രൂപ 10-3-2023-ലെ സ.ഉ (സാധാ) നം.108/2023/ഭ.പൊ.വി.വ പ്രകാരം Bio Metric Devices and e-POS Machines എന്ന

പദ്ധതി ഘടകത്തിലെ ചെലവുകൾ നിർവ്വഹിക്കുന്നതിനായി റീ അലോക്കേറ്റ് ചെയ്ത് നൽകുകയുണ്ടായി. 1-12-2022-ലെ സ.ഉ.(സാധാ) നം. 443/2022/ ഭ.പൊ.വി.വ പ്രകാരം 17,06,913 രൂപയും 22-3-2023-ലെ സ.ഉ.(സാധാ) നം. 122/2023/ ഭ.പൊ.വി.വ പ്രകാരം 1,24,73,390 രൂപയും അനുവദിച്ചെങ്കിലും ട്രഷറിയിൽ സമർപ്പിച്ച ബില്ലുകൾ പാസ്സാകുകയുണ്ടായില്ല.

വെയിങ് മെഷീൻ, ജനറേറ്റർ, കംപ്യൂട്ടറും അനുബന്ധ സാമഗ്രികളും , ജി.പി.എസ്, ഈ.ആർ.പി എന്നീ കമ്പോണന്റുകൾക്കായി 2022-23 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്ന 150 ലക്ഷം രൂപയിൽ നിന്നും 120.50 ലക്ഷം രൂപ സപ്ലൈകോ സമർപ്പിച്ച ക്ലെയിമുകളുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുകയുണ്ടായി. തുടർന്ന് ടി കമ്പോണന്റിന്റെ ചെലവിനത്തിൽ കൂടുതൽ തുക ലഭിക്കുന്നതിനുള്ള ക്ലെയിമുകൾ തൻവർഷം സപ്ലൈകോ സമർപ്പിക്കാതിരുന്നതിനാൽ അധിക തുക വകയിരുത്തേണ്ടതായി വന്നില്ല.

ഇപ്രകാരം പദ്ധതി ഘടകങ്ങൾക്ക് തൻവർഷം ലഭിച്ച ക്ലെയിം തുകകൾ വിതരണം ചെയ്യുന്നതിനുള്ള ബഡ്ജറ്റ് വിഹിതം സർക്കാരിൽ നിന്നും അനുവദിച്ചിരുന്നു.

(ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പിന്റെ 08.06.2023-ലെ ഭ.പൊ.വി.വ-ബി3/247/2022- ഭ.പൊ.വി.വ. നമ്പർ കത്ത്)

**ഖണ്ഡിക 20**

3456-00-104-99— <u>കേരള ഉപഭോക്തൃ ക്ഷേമനിധിയിൽ നിന്നുള്ള ഉപഭോക്തൃ ക്ഷേമ പരിപാടികൾക്കുള്ള ചെലവുകൾ</u>

1992-ലെ ഉപഭോക്തൃക്ഷേമനിയമം അനുസരിച്ച് കേന്ദ്ര ഗവൺമെന്റ് രൂപീകരിച്ചിട്ടുള്ള ക്ഷേമനിധിയുടെ മാതൃകയിൽ സംസ്ഥാനതലത്തിൽ രൂപീകരിച്ച ക്ഷേമനിധിയിൽ നിന്നും ഉപഭോക്തൃ സംരക്ഷണ സമിതി/സംഘങ്ങൾ, ഗ്രാമീണതല കൺസ്യൂമർ സഹകരണ സംഘങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്. ഉപഭോക്തൃ ശാക്തീകരണ/ബോധവത്കരണ പ്രവർത്തനങ്ങൾക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.461 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷം 3456-00-104-99-കേരള ഉപഭോക്തൃക്ഷേമനിധിയിൽ നിന്നുള്ള ഉപഭോക്തൃക്ഷേമ പരിപാടികൾക്കുള്ള ചെലവുകൾ - NP എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന ബഡ്ജറ്റ് വിഹിതം 60.50 ലക്ഷം രൂപയായിരുന്നു. ആയതിൽ നിന്നും ടി സാമ്പത്തിക വർഷാവസാനം വരെ 36.82 ലക്ഷം രൂപ മാത്രമേ ചെലവഴിക്കാൻ സാധിച്ചുള്ളൂ. ബാക്കി 23.68 ലക്ഷം രൂപ സർക്കാരിലേക്ക് സറണ്ടർ ചെയ്യുകയും ചെയ്തു. ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്ന തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ വിഷയനിർണ്ണയ സമിതി ശിപാർശയനുസരിച്ച് ശീർഷകത്തിൽ അധികതുക വകയിരുത്തുന്നതിന് തുടർ നടപടികളൊന്നും 2022-23 സാമ്പത്തിക വർഷം കൈക്കൊള്ളേണ്ടി വന്നില്ല.

(ഉപഭോക്തൃകാര്യ വകുപ്പിന്റെ 26.08.2023-ലെ സി.എ 3/64/2023/സി.എ.ഡി നമ്പർ കത്ത്)

സമിതിയുടെ 2022-23 സാമ്പത്തിക വർഷത്തെ രണ്ടാമത് റിപ്പോർട്ടിലെ എല്ലാ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിക്കുകയും ആയത് സമിതി പരിഗണിക്കുകയും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

വി. എൻ. വാസവൻ,<br>*ചെയർമാൻ,*<br>*സബ്ജക്ട് കമ്മിറ്റി XI.*

തിരുവനന്തപുരം,<br>2023 സെപ്റ്റംബർ 11.